**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2577** **14-09-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യക്ഷേമ പെൻഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളിൽ നിലവിൽ എത്ര മാസത്തെ കുടിശിക വിതരണം ചെയ്യാൻ ഉണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ നയങ്ങൾ മൂലം അനുഭവപ്പെടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും ക്ഷേമ പെൻഷനുകൾ മുടക്കം കൂടാതെ നൽകുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. |
| (ബി) | പ്രസ്തുത കുടിശിക വിതരണം ചെയ്യുന്നതിന് എത്ര തുക ആവശ്യമുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | പിരിവ് (എ) -യ്ക്കുള്ള മറുപടി. |
| (സി) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. പെൻഷൻ നൽകുന്നതിനായി രൂപീകരിച്ച കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പെൻഷൻ തുക തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്കും, സ്പെഷ്യൽ റ്റി എസ് ബി അക്കൗണ്ടിലേയ്ക്കും കൈമാറുന്നു. ടി ബാങ്ക് അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക ലഭ്യമാക്കുന്നു. സഹകരണ സംഘങ്ങൾ വഴി പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ സ്പെഷ്യൽ റ്റി എസ് ബി അക്കൗണ്ടിൽ നിന്നും 14 ജില്ലകളിലെയും സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർ വഴി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്നു. സഹകരണ സംഘങ്ങൾ ഏജന്റുമാർ വഴി പെൻഷൻ തുക ഗുണഭോക്താക്കളുടെ വീട്ടിൽ എത്തി വിതരണം ചെയ്യുന്നു. എൻ.എസ്.എ.പി ഗുണഭോക്താക്കൾക്കുള്ള കേന്ദ്ര ഗവൺമെന്റ് വിഹിതം പഞ്ചായത്ത് ഡയറക്ടറുടെ എസ്.എൻ.എ അക്കൗണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നു. ടി അക്കൗണ്ടിൽ നിന്നും പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ